'പടവുകൾ' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിലുണ്ടായ കാലതാമസം

*26 [381] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് വേണ്ടി വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച 'പടവുകൾ' എന്ന പുസ്തകത്തിന്റെ എത്ര കോപ്പികളാണ് വിതരണത്തിന് വേണ്ടി തയ്യാറാക്കിയിരുന്നത്;

(ബി) ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഈ പുസ്തകം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പുസ്തകം പ്രസിദ്ധീകരിച്ചതിൽ ഉണ്ടായ കാലതാമസം കാരണം ഇതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) പടവുകൾ എന്ന പുസ്തകത്തിന്റെ 7000 കോപ്പികളാണ് തയ്യാറാക്കിയിരുന്നത്. മലയാളം - 4000, ഇംഗ്ലീഷ് - 3000

(ബി) ക്ലാസ്സ്റൂം പഠനം മെച്ചപ്പെടുത്തുന്നതിനും ബോധനം പ്രവർത്തനാധിഷ്ഠിതമാക്കുന്നതിനുമായി തയ്യാറാക്കിയ ചോദ്യമാതൃകകൾ അടങ്ങിയ 'പടവുകൾ' അദ്ധ്യാപകർക്കുള്ള ബോധന സഹായിയാണ്, വിദ്യാർത്ഥികളുടെ ഉപയോഗത്തിനു വേണ്ടിയുള്ളതല്ല.

(സി) പുതിയ പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് സഹായിയായാണ് 'പടവുകൾ' തയ്യാറാക്കിയിട്ടുള്ളത്. ഫെബ്രുവരി മാസത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന പുസ്തകം ആ മാസം ആദ്യവാരംതന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ

*27 [382] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ആവശ്യമായത്ര ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ബി) പഴക്കം ചെന്ന ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ പുതുക്കിപ്പണിയുവാൻ നടപടി കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly